**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യവകുപ്പ് - ജീവനക്കാര്യം - ധനകാര്യ വകുപ്പിലെ അഡീഷണൽ സെക്രട്ടറി ശ്രീമതി. സാധന.എസ്.നായരുടെ മുൻകാല സർവ്വകലാശാല സർവ്വീസ് സംസ്ഥാന സർവ്വീസിനൊപ്പം പെൻഷന് യോഗ്യ സേവനകാലമായി പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (ഭരണം - എ) വകുപ്പ്**

**സ.ഉ. (കൈ)നം. 272/2017/ധന          തീയതി, തിരുവനന്തപുരം:22.05.2017**

---

പരാമർശം:- ശ്രീമതി. സാധന.എസ്.നായരുടെ 02/03/2017 ലെ അപേക്ഷ.

## ഉത്തരവ്

മുൻകാല സർവ്വകലാശാല സർവ്വീസ് സംസ്ഥാന സർവ്വീസിനൊപ്പം പെൻഷന് യോഗ്യ സേവനക്കാലമായി പരിഗണിക്കണമെന്നാവശ്യപ്പെട്ട് ധനകാര്യ വകുപ്പിലെ അഡീഷണൽ സെക്രട്ടറി ശ്രീമതി. സാധന.എസ്.നായർ സൂചന പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. സാധന.എസ്.നായർ 26.12.1987 മുതൽ 17.12.1990 വരെ മഹാത്മഗാന്ധി സർവ്വകലാശാലയിൽ അസിസ്റ്റന്റായി റഗുലർ തസ്തികയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. തുടർന്ന് 18.12.1990-ൽ ധന വകുപ്പിൽ അസിസ്റ്റന്റായി റഗുലർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. കെ.എസ്.ആർ ഭാഗം III ചട്ടം 20 -ലെ പ്രൊവിസോ പ്രകാരം പഞ്ചായത്ത്/മുനിസിപ്പൽ കോമൺ സർവ്വീസിലും, സർവ്വകലാശാലകളിലും, സർക്കാർ ജീവനക്കാരും എയ്ഡഡ് സ്കൂൾ/എയ്ഡഡ് കോളേജിലെ അദ്ധ്യാപകരും, അവർ സംസ്ഥാന സർവ്വീസിലോ എയ്ഡഡ് സ്കൂൾ/എയ്ഡഡ് കോളേജ് സർവ്വീസിലോ പ്രവേശിക്കുന്നതിനു മുൻപ് അനുഷ്ഠിച്ചിട്ടുള്ള അവരുടെ മുൻകാല സേവനം, സർക്കാരിൽ നിന്നും പെൻഷനുവേണ്ടിയും ഡെത്ത്-കം-റിട്ടയർമെന്റ് ഗ്രാറ്റുവിറ്റിക്കുവേണ്ടിയും യോഗ്യമായ സർവ്വീസായി കണക്കുകൂട്ടുന്നതാണ്.

മേൽ ചട്ടം പ്രകാരം ശ്രീമതി. സാധന.എസ്.നായരുടെ 26.12.1987 മുതൽ 17.12.1990 വരെയുള്ള സർവ്വകലാശാല സേവനം സംസ്ഥാന സർവ്വീസിനൊപ്പം പെൻഷന് യോഗ്യ സേവനക്കാലമായി പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**മിനി വി.ആർ**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ), കേരളം, തിരുവനന്തപുരം
ശ്രീമതി. സാധന.എസ്.നായർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി (എക്സ്പെൻഡിച്ചർ)- യുടെ പി.എ.
ധനകാര്യ സെക്രട്ടറി (റിസോഴ്സസ്) - യുടെ പി.എ.
ധനകാര്യ (രഹസ്യ / ഭരണം-സി/പെൻഷൻ-ബി) വകുപ്പ്.
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / സേവനപുസ്തകം/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ